# പ്ലാച്ചിമട സമരം ഒരു നിരീക്ഷണം


കെ. വേണു

പ്ലാച്ചിമടയിൽ കൊക്കോ കോള ഫാക്ടറി പ്രവർത്തനം ആരംഭിച്ച് രണ്ടു കൊല്ലം കഴിഞ്ഞപ്പോഴേക്കും അവിടുത്തെ ഗ്രാമീണർ ഫാക്ടറിയുടെ പ്രവർത്തനം മൂലം ജലദൗർലഭ്യവും ജലമലിനീകരണവും ഉണ്ടാവുന്നത് കണ്ട് കമ്പനിയ്ക്കെതിരെ സമരം ആരംഭിച്ചു. എന്നാൽ ചുരുങ്ങിയ സമയം കൊണ്ട് കൊക്കോകോളയ്ക്ക് പ്ലാച്ചിമടയിൽ പ്രവർത്തിക്കാൻ അനുമതി നൽകിയ ഇടതുമുന്നണി സർക്കാരിലെ ഘടകകക്ഷികൾ (അവർ തന്നെയാണ് പെരുമാട്ടി പഞ്ചായത്തിലും ഭരണം നടത്തിയിരുന്നത്.) തന്നെ ഈ സമരം ഏറ്റെടുത്തുകൊണ്ട് അതിനെ ഒരു ആഗോളസമരമാക്കി വളർത്തുന്ന കാഴ്ച അല്പം കൗതുകത്തോടെയാണ് ഈ ലേഖകൻ നോക്കി കണ്ടത്. അത്തരക്കാർ ഉയർത്തിയ പല മുദ്രാവാക്യങ്ങളുടെയും പൊള്ളത്തരം ഏറെ പ്രകടവുമായിരുന്നു.

ആ കോലാഹലങ്ങൾ കെട്ടടങ്ങുകയും കമ്പനി പൂട്ടിയതോടെ സമരം വിജയിച്ചു എന്ന പ്രതീതി സൃഷ്ടിക്കപ്പെടുകയും ചെയ്തു. പക്ഷേ, പ്ലാച്ചിമടയിലെ ഗ്രാമീണർ ഉന്നയിച്ച മലിനീകരണപ്രശ്നം ഇപ്പോഴും പരിഹരിക്കപ്പെടാതെ കിടക്കുന്നു. വ്യാപകമായി ചർച്ചകളിലും കോടതി സംവാദങ്ങളിലുമെല്ലാം ഉന്നയിക്കപ്പെട്ടത് ജലലഭ്യതയുടെ പ്രശ്നമായിരുന്നു. അത് സംബന്ധിച്ചുതന്നെ പരസ്പരവിരുദ്ധമായ പല പഠനങ്ങളും റിപ്പോർട്ടുകളും ലഭ്യമാണ്. അവയെ അടിസ്ഥാനമാക്കി കൃത്യമായ നിഗമനങ്ങളിലെത്തുക അസാധ്യമാണ്. കമ്പനി പ്രവർത്തിക്കാതായതോടെ ജലലഭ്യതയുടെ പ്രശ്നം കമ്പനിയുമായി ബന്ധപ്പെട്ട് ഉന്നയിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. എന്നാൽ കമ്പനി പ്രവർത്തനം നിലച്ചിട്ടും കിണറുകളിലെ വെള്ളം ശുദ്ധമായിട്ടില്ല. മലിനീകരണത്തിന്റെ അളവ് അത്ര വലുതായിരുന്നു എന്നാണ് ഇത് കാണിക്കുന്നത്. ഏറ്റവും ഗൗരവമായിട്ടെടുക്കേണ്ട പ്രശ്നം ഇതുതന്നെയാണ്.

ജലസംബന്ധമായ വിഷയങ്ങളിൽ ആധികാരികമായി അഭിപ്രായം പറയാൻ കഴിവും അർഹതയുമുള്ള ആനന്ദ്, ലഭ്യമായ റിപ്പോർട്ടുകളും പഠനങ്ങളും വച്ച് നടത്തിയ വിശകലനവും നിരീക്ഷണവും ശ്രദ്ധേയമാണ്. ആനന്ദിന്റെ വിലയിരുത്തലിൽ കൂടുതൽ വസ്തുനിഷ്ഠ സ്വഭാവം പ്രകടമാണ്. ജലലഭ്യതയുടെ കാര്യത്തിൽ മാത്രമാണ് ആനന്ദ് ഊന്നുന്നത് എന്നതാണ് അതിന്റെ പരിമിതി. നിലവിലുള്ള ജലനയം അനുസരിച്ച് ഉപരിതലജലം ഉപയോഗിച്ചതിന് ശേഷം നിവൃത്തിയില്ലാതെ വരുമ്പോഴാണ് ഭൂഗർഭജലം ഉപയോഗിക്കേണ്ടത്. കുടിവെള്ളം, കൃഷി, വ്യവസായം എന്ന രീതിയിലാണ് ജലവിനിയോഗത്തിന്റെ മുൻഗണനാക്രമവും. ജനങ്ങളുടെ കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് ലഭ്യമായ ഉപരിതലജലം ശരിയായി ഉപയോഗിക്കുന്നതിന് വേണ്ടി പഞ്ചായത്ത് കാര്യമായിട്ടൊന്നും ചെയ്തിട്ടില്ലെന്ന ആനന്ദിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. കൃഷിക്കാകട്ടെ ഭൂഗർഭജലത്തെ കൂടുതലായി ഉപയോഗിക്കുന്ന അവസ്ഥയും തുടരുന്നു.

കൊക്കോകോള ഫാക്ടറി നിമിത്തം പഞ്ചായത്തിലെ ജനങ്ങളുടെ കുടിവെള്ളം മലിനമായി എന്നതാണ് ഇപ്പോൾ അവശേഷിക്കുന്ന മുഖ്യപ്രശ്നം. ആനന്ദ് ചൂണ്ടിക്കാണിക്കുന്നതുപോലെ, ഈ കമ്പനി മുഖാന്തിരമാണ് മലിനീകരണം ഉണ്ടായതെന്ന് വസ്തുനിഷ്ഠമായി തെളിയിക്കണമെങ്കിൽ കമ്പനി വരുന്നതിന് മുമ്പ് അവിടത്തെ കിണറുകളിലെ വെള്ളത്തിന്റെ രാസഘടനയെക്കുറിച്ചുള്ള പഠനം ആവശ്യമായിരുന്നു. അതില്ല. പക്ഷേ, മറ്റൊരു മാർഗ്ഗമുണ്ട്. കമ്പനി പ്രവർത്തനം നിലച്ചിട്ട് ഇപ്പോൾ നാലു വർഷമായി. ഈ നാലു വർഷത്തെ മഴയും നീരൊഴുക്കും കൊണ്ട് പ്ലാച്ചിമടയിലെ കിണറുകളിലെ വെള്ളം ഗണ്യമായി ശുദ്ധീകരിക്കപ്പെടേണ്ടതാണ്. മാലിന്യത്തിന്റെ തോതിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടില്ലെങ്കിൽ മാലിന്യത്തിന് കാരണമായി കമ്പനിക്ക്



പുറമെ മറ്റ് ഘടകങ്ങൾ പ്രവർത്തിച്ചിട്ടുണ്ടാവാം. ആനന്ദ് തന്നെ ചൂണ്ടിക്കാട്ടുന്നതുപോലെ, കൊക്കോക്കോള കമ്പനി ഊറ്റിയ ഭൂഗർഭജലത്തേക്കാൾ കൂടുതൽ ഭൂഗർഭജലം കർഷകർ കൃഷിയാവശ്യത്തിന് ഊറ്റിയെടുത്തിട്ടുണ്ട്. അമിതമായ ഭൂഗർഭജലോപയോഗം, അവിടത്തെ ഭൂഗർഭപാളികളിൽ അധികമായുള്ള ചുണ്ണാമ്പ് കല്ലിൽ നിന്നുള്ള രാസവളങ്ങൾ കൂടുതലായി ഇളകിവരാൻ കാരണമായിട്ടുണ്ടാകാം. കർഷകരുടെ ഭൂഗർഭജലോപയോഗം ഇപ്പോഴും തുടരുന്നതുകൊണ്ട് ഈ രീതിയിൽ ജലം മലിനമാവുന്നത് തുടരാനിടയാവുന്നു എന്ന നിഗമനത്തിനും സാദ്ധ്യതയുണ്ട്. കമ്പനി വഴി ഉണ്ടായിട്ടുള്ള ജലമലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുക കൂടുതൽ സങ്കീർണ്ണമായിരിക്കുകയാണ് എന്ന് ചുരുക്കം.

കമ്പനി വഴി പഞ്ചായത്തിലെ ജലശേഖരത്തിലുണ്ടായ മലിനീകരണത്തിന്റെ തോത് വിശ്വസനീയമാംവിധം നിർണ്ണയിക്കാൻ കഴിഞ്ഞാൽ മാത്രമേ, മലിനീകരണം കൊണ്ട് ജനങ്ങൾക്കുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് ന്യായമായ നഷ്ടപരിഹാരം നിശ്ചയിക്കാനാവൂ. നമ്മുടെ രാഷ്ട്രീയ ഘടനയിൽ ഇത്തരം കാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കുക കോടതികളാണ്. ജനകീയ സമരങ്ങളുടെ സമ്മർദ്ദഫലമായി രാഷ്ട്രീയനേതൃത്വങ്ങൾ തീരുമാനമെടുത്താലും കോടതികളിൽ അവ ചോദ്യം ചെയ്യപ്പെടുമെന്നുള്ളത് ഉറപ്പാണ്. കോടതികളെ ബോധ്യപ്പെടുത്താൻ കഴിയുംവിധം വസ്തുനിഷ്ഠമായ തെളിവുകൾ ഹാജരാക്കാൻ കഴിയണം. ആനന്ദ് ചൂണ്ടിക്കാണിച്ചതുപോലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു പരിശോധനയിലൂടെയേ അത് കഴിയൂ.

ഇത്തരം കാര്യങ്ങൾ തീരുമാനിക്കാൻ കോടതികൾ നമ്മുടെ ഭരണസംവിധാനത്തെയാണ് ഉപയോഗിക്കുക. നമ്മുടെ സർക്കാർ സംവിധാനങ്ങളാണെങ്കിൽ ഏറെ പിന്നോക്കാവസ്ഥയിലും. മലിനീകരണ നിയന്ത്രണ ബോർഡ് പോലുള്ള ഒരു സ്ഥാപനത്തിന് കൊക്കോക്കോള പോലുള്ള ഒരു കമ്പനിയുടെ ഫലമായുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമായിരുന്നു. ഇത്തരമൊരു ഫാക്ടറിയുടെ പ്രവർത്തനഫലമായുണ്ടാവുന്ന മാലിന്യങ്ങൾ എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി വിലയിരുത്താനും അത് തടയാനുള്ള ഉപാധികൾ മുന്നോട്ടുവയ്ക്കാനും അവർക്കു കഴിയേണ്ടതാണ്. പക്ഷെ, നമ്മുടെ നാട്ടിൽ സർക്കാർ സംവിധാനങ്ങളിലെ ഉദ്യോഗസ്ഥന്മാരിൽ ഗണ്യമായ വിഭാഗം ബാഹ്യസമ്മർദ്ദങ്ങൾക്കും അഴിമതിക്കും വിധേയരാവുന്നവരാണെന്നതുകൊണ്ട്, വേണ്ട കാര്യങ്ങൾ ചെയ്യാതെ പോകുന്നു എന്ന് കാണാം. പ്ലാച്ചിമടയിലെ സ്ഥിതിയും അതുതന്നെയായിരുന്നു. വളരെ വൈകിയാണെങ്കിലും മലിനീകരണ ബോർഡ് തയ്യാറാക്കിയ റിപ്പോർട്ട് വസ്തുനിഷ്ഠമായിരുന്നില്ലെന്ന് കാണാം.

ഇങ്ങനെ നോക്കുമ്പോൾ ഇന്നത്തെ നമ്മുടെ രാഷ്ട്രീയ സാമൂഹ്യ വ്യവസ്ഥയിൽ നിന്നുകൊണ്ട് പ്ലാച്ചിമടയിലെ ജനങ്ങൾക്ക് മലിനീകരണം മൂലം സഹിക്കേണ്ടിവന്ന കഷ്ടനഷ്ടങ്ങൾക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കുക എളുപ്പമല്ലെന്ന് കാണാം. അതുകൊണ്ട് ഇന്നത്തെ സാമൂഹ്യവ്യവസ്ഥ അടിമുടി പൊളിച്ചെഴുതിയാലേ എന്തെങ്കിലും ചെയ്യാനാകൂ എന്ന് ചിന്തിക്കുന്നതും അസ്ഥാനത്താണ്. ഇതുവരെ മനുഷ്യസമൂഹം കണ്ടെത്തിയ രാഷ്ട്രീയ സാമൂഹ്യവ്യവസ്ഥകളിൽ മെച്ചപ്പെട്ടതാണ് ഇപ്പോൾ നമ്മുടെ നാട്ടിൽ നിലനില്ക്കുന്ന ജനാധിപത്യസമ്പ്രദായം. അതിന് ഒട്ടേറെ ആന്തരിക ദൗർബ്ബല്യങ്ങളുണ്ടുതാനും. ഫ്യൂഡൽ, കൊളോണിയൽ ഭൂതകാലത്തിൽ നിന്ന് രാഷ്ട്രീയമായി വിച്ഛേദനം നടത്താൻ നമ്മുടെ സമൂഹത്തിന് മൊത്തത്തിൽ കഴിയാത്തതിന്റെ പ്രശ്നങ്ങളാണ് നമ്മൾ നേരിടുന്നത്. അത് പടിപടിയായി പരിഹരിച്ചുകൊണ്ടുവരികയേ മാർഗ്ഗമുള്ളൂ. പ്ലാച്ചിമട പോലുള്ള സമരത്തിന്റെ അനുഭവങ്ങളിൽനിന്ന് ഈ ദിശയിൽ ഒട്ടേറെ പാഠങ്ങൾ പഠിക്കാൻ കഴിയും.

ലാഭമുണ്ടാക്കുന്നതിനായി വിഷപാനീയം നിർമ്മിച്ച് പ്രാദേശികജനവിഭാഗത്തിന്റെ ആവാസവ്യവസ്ഥയെ നശിപ്പിക്കുന്നതിനെ വികസനമായി കരുതാനാകുമോ എന്ന ചോദ്യം കേരളീയം പ്രവർത്തകർ ഉന്നയിച്ചിട്ടുണ്ട്. കൊക്കോക്കോള എന്ന വിഷപാനീയം കേരളത്തിൽ വില്ക്കപ്പെടാതായപ്പോൾ അതിന്റെ സ്ഥാനം പിടിച്ചുപറ്റിയ അനവധി പ്രാദേശിക ലഘുപാനീയങ്ങളിലെ വിഷാംശം കൊക്കോക്കോളയിലേതിനേക്കാൾ കൂടുതലാണെന്ന് ചില പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഒരു വിദേശകമ്പനി ഉല്പാദിപ്പിക്കുന്നു എന്നതുകൊണ്ടു മാത്രം കൊക്കോക്കോളയെ വിഷപാനീയമായി കാണുകയും കൂടുതൽ വിഷാംശമുള്ള നാടൻ പാനീയങ്ങളെ അവഗണിക്കുകയും ചെയ്യുന്ന രീതി തത്വാധിഷ്ഠിതമല്ല. പ്രാദേശികവിഭവങ്ങളും ആവശ്യങ്ങളുമായി ബന്ധപ്പെട്ടുള്ള വികസനത്തിന് ഊന്നൽ നൽകണമെന്ന് പറഞ്ഞാൽ അത് ശരിയാണ്. പക്ഷെ, അത് മാത്രമായ വികസനം സാധ്യമല്ല; സംസ്ഥാനതലത്തിലും അഖിലേന്ത്യാതലത്തിലുമുള്ള ആവശ്യങ്ങളുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളില്ലാതെ ആധുനികകാലത്ത് ഒരു രാജ്യത്തിന് നിലനില്ക്കാനാവില്ല. അത്തരം ആവശ്യങ്ങൾ പ്രാദേശികതലത്തിൽ മാത്രമായി തീരുമാനിക്കപ്പെടാനാവില്ല. അധികാരത്തിന്റെ പ്രശ്നവും ഈ രീതിയിൽ തന്നെയാണ് കാണേണ്ടത്. ഒരു പഞ്ചായത്തിലെ വിഭവങ്ങൾക്ക് മേൽ ആ പഞ്ചായത്തിലെ ജനങ്ങൾക്ക് അധികാരമുണ്ട്, ഉണ്ടാവണം. പക്ഷേ, അത് അവരുടേത് മാത്രമല്ല. ആ വിഭവങ്ങൾ സംസ്ഥാനത്തിന്റേയും രാജ്യത്തിന്റേയും കൂടി ആണ്. അധികാരം ആ തലങ്ങളിൽ പങ്കുവയ്ക്കപ്പെടുന്നത് ഒരു ജനാധിപത്യവ്യവസ്ഥയിൽ സ്വാഭാവികമാണ്.

കൊക്കോക്കോള കമ്പനിക്ക് പ്ലാച്ചിമടയിൽ പ്രവർത്തിക്കാൻ അനുവാദം നൽകുന്നത് സംസ്ഥാന സർക്കാരും പഞ്ചായത്തുമാണ്. അതിൽ കമ്പനി നിയമവിരുദ്ധമായിട്ടൊന്നും ചെയ്തിട്ടില്ല. മലിനീകരണ നിയന്ത്രണബോർഡ് കർക്കശമായ നിബന്ധനകൾ മുന്നോട്ടുവച്ചിരുന്നെങ്കിൽ അവർ അതും പാലിക്കുമായിരുന്നു. തെറ്റ് ചെയ്തത് സർക്കാരും പഞ്ചായത്തുമാണ്. അവരുടെ നയങ്ങളോടു ഈ അഭിപ്രായവ്യത്യാസമാണ് ഉന്നയിക്കപ്പെടേണ്ടത്. പക്ഷേ, നമ്മുടെ ജനാധിപത്യവ്യവസ്ഥയുടെ പൊതുഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് സാധ്യമാവുന്ന നയപരമായ പരിഷ്ക്കാരങ്ങൾക്ക് വേണ്ടിയാണ് വാദിക്കേണ്ടത്.

*പുല്ലഴി, തൃശൂർ*